# പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

2007 മാർച്ച് 13-ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 30)

151. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി
152. ഖരമാലിന്യ നിർമ്മാർജ്ജനം
153. കന്നുകാലികളുടെ ഉല്പാദനക്ഷമതയും സംരക്ഷണവും
154. പാലിന്റെ വില
155. ഉപാധികളില്ലാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കാൻ നടപടി
156. ക്ഷീരവികസന ഓഫീസുകൾ
157. ഐ.ടി. വ്യവസായ നയം
158. മൃഗാശുപത്രികളുടെ വികസനം
159. പാചകം ചെയ്ത ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി
160. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം
161. ആശ്രയ പദ്ധതി
162. എൻ.ആർ.ഐ. നിക്ഷേപകർക്ക് പദ്ധതികൾ
163. എ.ഡി.ബി. വായ്പ
164. വാർഷിക പദ്ധതി നടത്തിപ്പ്
165. ഹജ്ജ് ഹൗസ് നിർമ്മാണത്തിന്റെ പൂർത്തീകരണം
166. ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട്
167. ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളപദ്ധതികൾ
168. മാറാട് കലാപം സംബന്ധിച്ച സി.ബി.ഐ. അന്വേഷണം
169. എം. വിജയനുണ്ണി കമ്മീഷൻ റിപ്പോർട്ട്
170. ബാണാസുരസാഗർ, കുറ്റ്യാടി ജലവൈദ്യുത പദ്ധതികൾ
171. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് റദ്ദാക്കിയതിനെ തുടർന്ന് ഉണ്ടായിട്ടുള്ള പ്രതിസന്ധി
172. ക്രീമിലെയർ റദ്ദാക്കിക്കൊണ്ടുള്ള സുപ്രീംകോടതി വിധി
173. സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന
174. ഹെൽത്ത് ഇൻഷൂറൻസ് സ്കീം വ്യവസ്ഥകൾ
175. തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കാൻ നടപടി
176. ഫുഡ് ഫോർ വർക്ക് പദ്ധതി
177. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്
178. പറമ്പിക്കുളം-ആളിയാർ നദീജല കരാർ
179. പി.എസ്.സി. ചോദ്യക്കടലാസുകൾ
180. പെട്രോളിലും ഡീസലിലും മായം ചേർക്കൽ

## അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി

151 ശ്രീ. രാജു എബ്രഹാം
പ്രൊഫ. സി. രവീന്ദ്രനാഥ്
,, പി. ടി.എ. റഹീം
,, ബാബു എം. പാലിശ്ശേരി
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത്;

(സി) അക്ഷയ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പദ്ധതിയുടെ പ്രയോജനം ഇതിനകം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്;

(ഇ) ഒരു വർഷത്തിനകം അവശേഷിക്കുന്ന ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വികരിക്കുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ)
(1) വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2000-2500 കുടുംബങ്ങൾക്ക് ഒരു കേന്ദ്രമെന്ന നിലയിൽ ഏകദേശം 3000ത്തിൽപ്പരം അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം സ്ഥാപിയ്ക്കുക.
(2) ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനം നൽകുക.
(3) പൊതുവിവരശേഖരം മലയാളത്തിൽ തയ്യാറാക്കി അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക
(4) ഇ-ഗവേണൻസ്, ഇ-പെയ്മെന്റ്, ഇ-ബിസിനസ്സ് തുടങ്ങി ഐ. ടി. അധിഷ്ഠിത സേവനങ്ങൾ അക്ഷയകേന്ദ്രങ്ങൾ വഴി ലഭ്യമാക്കുക.

(ബി) മലപ്പുറം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി ഇപ്പോൾ കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അക്ഷയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി ക്കഴിഞ്ഞു.

(സി) ഉണ്ട്.

(ഡി) മലപ്പുറം ജില്ലയിൽ ഒരു വീട്ടിൽ ഒരാൾ എന്ന തോതിൽ ഏതാണ്ട് മുഴുവൻ കുടുംബങ്ങൾക്കും മറ്റ് ഏഴു ജില്ലകളിൽ പത്ത് ലക്ഷത്തിലധികം പേർക്കും അക്ഷയപദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഖരമാലിന്യ നിർമ്മാർജ്ജനം

152 ശ്രീ. കെ.കെ. ദിവാകരൻ
ശ്രീ. ആനത്തലവട്ടം ആനന്ദൻ
,, സാജുപോൾ
,, വി. ശിവൻകുട്ടി
,, വി.എൻ. വാസവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) എല്ലാ നഗരസഭകളും ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ സ്ഥലം വാങ്ങണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനുള്ള സംവിധാനം എന്താണ്;

(ഡി) ഇതിനകം എത്ര ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ഇ) എല്ലാ മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി
### (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സംയോജിത ഖര-ദ്രവ മാലിന്യ സംസക്കരണം ലക്ഷ്യമിട്ടു കൊണ്ട് 2006 ഒക്ടോബർ 2 ന് മാലിന്യ മുക്ത കേരളം എന്ന പരിപാടിക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. പൊതുജനപങ്കാളിത്തത്തോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ ബോധവൽക്കരണ പരിപാടികളാണ് നടപ്പിലാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകി വരുന്നുണ്ട്.

മാലിന്യങ്ങൾ ഉൽപ്പാദിക്കപ്പെടുന്ന സ്ഥാനത്തു നിന്ന് തന്നെ വേർതിരിച്ച് ശേഖരിക്കുന്നതിനും അങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ളാന്റ് തുടങ്ങി നിയമം അനുശാസിക്കുന്ന മാലിന്യ സംസ്ക്കരണ രീതികളാണ് നടപ്പിലാക്കുന്നത്. മാർക്കറ്റുകളിലും, അറവുശാലകളിലും മറ്റുമുള്ള മാലിന്യങ്ങൾ ബയോഗ്യാസാക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ വീടുകളും, ചെറുസ്ഥാപനങ്ങളും കേന്ദ്രീകരിച്ചു കൊണ്ടുള്ള വികേന്ദ്രീകൃത ഖര മാലിന്യ സംസ്ക്കരണ പദ്ധതികളും പ്രോത്സാഹിപ്പിച്ചുവരുന്നു. ഖര മാലിന്യ സംസ്ക്കരണത്തിനായി പ്രോജക്ടുകൾ സമർപ്പിച്ച 43 നഗരസഭകൾക്കും 24 ഗ്രാമപഞ്ചായത്തുകൾക്കും 15.9 കോടി രൂപയുടെ സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. ഖര-ദ്രവ മാലിന്യസംസ്ക്കരണത്തിനുള്ള 48.27 കോടി രൂപയ്ക്കുള്ള പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

കോർപ്പറേഷനുകൾക്ക് സുസ്ഥിര നഗരവികസന പദ്ധതി, JNNURM പദ്ധതിയിലും നഗരസഭകൾക്ക് UIDSSMT പദ്ധതിയിലും സാമ്പത്തിക സഹായം ലഭ്യമാണ്.

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട ജലവിഭവം, ആരോഗ്യം, പൊതു വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെയും വിവിധ ഏജൻസികളുടേയും പ്രവർത്തനം ഏകോപിപ്പിക്കാനുള്ള പരിശ്രമവും നടന്നു വരുന്നു. തദ്ദേശ

സ്വയം ഭരണ വകുപ്പിനു കീഴിലുള്ള സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷനും ക്ലീൻ കേരള മിഷനും ഏകോപിപ്പിച്ച് ഒരു ഏജൻസിയാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഖരമാലിന്യ സംസ്ക്കരണ്ത്തിന് 47 മുൻസിപ്പാലിറ്റികൾ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം മുനിസിപ്പാലിറ്റികളും കണ്ടെത്തിയ സ്ഥലം അപര്യാപ്തമാണ് എന്ന കാരണത്താൽ ടി നഗരസഭകളോട് 2007 മാർച്ച് 31-ാം തീയതിക്കകം ആവശ്യ മായത്ര സ്ഥലം കണ്ടെത്തുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ജില്ലാതലത്തിൽ സാങ്കേതികസഹായം നൽകുവാൻ സാങ്കേതിക സമിതികൾ വിദഗ്ധരെ ചേർത്ത് രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക സഹായം നൽകുന്നതിന് സമഗ്ര മായ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖര മാലിന്യ സംസ്ക്കരണ കാര്യത്തിൽ കേരള സാനിട്ടേഷൻ മിഷനും ക്ലീൻ കേരള മിഷനും സഹായം നൽകി വരുന്നു. ഈ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച ഇരുപത്തിയാറോളം സർവ്വീസ് പ്രൊവൈ ഡർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയുടെ സാങ്കേതിക സഹായവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) തിരുവനന്തപുരം, കോഴിക്കോട്,തൃശ്ശൂർ മുനിസിപ്പൽ പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു. 9 നഗരസഭകളിലും 3 ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നിലവിലുണ്ട്. 11 നഗരസഭകളിലും 5 ഗ്രാമപഞ്ചായത്തു കളിലും ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ 50 ഓളം കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ളാന്റുകളും വിവിധ കേന്ദ്രങ്ങളിൽ നിലവിലുണ്ട്.

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന സമീപന രേഖയുടേയോ, പ്രോജക്ടിന്റേയോ സാധ്യതാ പഠനം നടത്തിയിട്ട് ആവശ്യമായിടങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രാമ പ്രദേശങ്ങളിൽ കഴിയുന്നത്ര ഉത്ഭവ സ്ഥാനത്തു തന്നെ മാലിന്യം സംസ്ക്കരിക്കണമെന്നുള്ള പൊതു കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാരിന്റേത്. നഗര പ്രദേശങ്ങളിൽ കഴിയുന്നത്ര വികേന്ദ്രീകരിച്ച് മാലിന്യ സംസ്ക്കരണം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കന്നുകാലികളുടെ ഉല്പാദനക്ഷമതയും സംരക്ഷണവും

153 ശ്രീ. ജോസഫ് എം. പുതുശ്ശേരി
,, തോമസ് ചാഴികാടൻ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുളള കന്നുകാലികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുളളത്; ഇതിനായി ഏതൊക്കെ സരക്കാർ/സർക്കാരിതര ഏജൻസികൾ പ്രവർത്തിക്കുന്നുവെന്നു വ്യക്തമാക്കുമോ;

(ബി) നിലവിലുളള നാടൻ കന്നുകാലി ഇനങ്ങൾ ഏവ; ഇവയുടെ സവിശേഷതകൾ എന്തെല്ലാം; ഇവയെ പരിപാലിക്കുവാൻ സർക്കാർ എന്തൊക്കെ കരുതൽ നടപടികൾ സ്വീകരിച്ചുവെന്നു വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ സാധാരണയായി കണ്ടുവരുന്ന കാലിരോഗങ്ങൾ ഏവ; പ്രതിവിധികൾ എന്തൊക്കെ; രോഗം വരാതിരിക്കുവാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിച്ചിരിക്കുന്നത്; രോഗ നിവാരണത്തിനായി ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) കന്നുകാലികൾക്ക് സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമോ?

**ഉത്തരം: ശ്രീ.സി.ദിവാകരൻ**
**(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)**

(എ) കൃത്രിമ ബീജ സങ്കലന പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി, കാലിരോഗ നിർമ്മാർജ്ജന പദ്ധതികൾ, ഗോസുരക്ഷ, ഗോരേഖാ പദ്ധതികൾ, ക്ഷീരധാര കാഫ് ക്ലിനിക്ക് പദ്ധതി, വന്ധ്യതാ പരിശോധനാ ചികിത്സാ പദ്ധതി, അകിട് വീക്ക രോഗ നിർണ്ണയ കിറ്റ് വിതരണ പദ്ധതി, ശാസ്ത്രീയമായ കന്നുകാലി പ്രജനനനയം, പ്രിമിയം വിത്തുകാള പദ്ധതി, ഗുണമേന്മ കൂടിയ വിത്തുകാളകളുടെ ഇറക്കുമതി, കന്നുകാലി പ്രജനനത്തെപ്പറ്റി കർഷക ബോധവൽക്കരണ പരിപാടികൾ, തീറ്റപ്പുൽ കൃഷി പ്രചരണ പദ്ധതികൾ തുടങ്ങിയവയാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള പദ്ധതികൾ. സംസ്ഥാന മൃഗസംരക്ഷണ വകുപ്പും, പൊതുമേഖലാ സ്ഥാപനമായ കന്നുകാലി വികസന ബോർഡും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. മിൽമ, കേരള ഫീഡ്സ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഗുണമേന്മയുള്ള കാലിത്തീറ്റ ഉല്പാദിപ്പിച്ചു വിതരണം ചെയ്തു വരുന്നു. ക്ഷീര വികസന വകുപ്പിലൂടെ മെച്ചപ്പെട്ട തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ച് കർഷകരെ സഹായിച്ചു വരുന്നു.

(ബി) വെച്ചൂർ പശു ആണ് സംസ്ഥാനത്ത് അംഗീകരിക്കപ്പെട്ട നാടൻ ഇനം. കൂടാതെ കാസർഗോഡ് ഡ്വാർഫ്, വടകര ഡ്വാർഫ്, പാലക്കാടൻ പണി മൃഗങ്ങൾ എന്നിവയാണ് നിലവിലുള്ള നാടൻ കന്നുകാലി ഇനങ്ങൾ. ഏറ്റവും കുറച്ച് സംരക്ഷണം ആവശ്യമുള്ള വെച്ചൂർ പശുക്കളുടെ ഉയരം 90 സെ. മീ. താഴെയാണ്. ഇവ ലോകത്തിലെ തന്നെ ഏറ്റവും ചെറിയ പശുവാണ്. കാസർഗോഡ് ഡ്വാർഫും വടകര ഡ്വാർഫും ചെറിയ ഇനങ്ങൾ തന്നെയാണ്. കേരള കാർഷിക സർവ്വകലാശാലയിൽ വെച്ചൂർ പശുക്കളുടെ സംരക്ഷണം സംബന്ധിച്ച് ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്ന് കന്നുകാലി കേന്ദ്രം ഇത്തരം വംശ നാശം സംഭവിക്കുന്ന ഇനങ്ങളെ സംരക്ഷിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ സാധാരണയായി കണ്ടുവരുന്ന കാലി രോഗങ്ങൾ കുളമ്പുരോഗം, അടപ്പൻ, കുരളടപ്പൻ (ആന്ത്രാക്സ്), കരിങ്കാൽ, അകിടുവീക്കം എന്നിവയാണ്. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്, കേന്ദ്രാവിഷ്കൃത പദ്ധതിയായ അസ്ക്കാഡ് തുടങ്ങിയ മുഖേനയും മേൽപ്പറഞ്ഞ രോഗങ്ങൾക്ക് കുത്തിവയ്പ് നടത്തി വരുന്നു. പാലോട് വെറ്ററിനറി ബയോളജിക്കൽസ് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ലാബ്, പാലോട്, റിന്റർപെസ്റ്റ് ലാബ്, പാലക്കാട്, പക്ഷിരോഗ നിർണ്ണയ ലാബ്, തിരുവല്ല ഡിസീസ് ഇൻവെസ്റ്റിഗേഷൻ ലാബ്, കണ്ണൂർ എന്നിവ യാണ് രോഗ നിവാരണത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.

(ഡി) ആലപ്പുഴ, പാലക്കാട് ജില്ലകളിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. മറ്റു ജില്ലകളിൽ കൂടി കന്നുകാലികൾക്ക് സമഗ്ര ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതി നുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

## പാലിന്റെ വില

154 ശ്രീ. ജി.കാർത്തികേയൻ
„ എ.പി.അനിൽകുമാർ
„ കെ.സി.വേണുഗോപാൽ
„ ജോർജ് മേഴ്സിയർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പ്രതിദിനം എത്ര ലിറ്റർ പാലാണ് ആവശ്യമായിട്ടുള്ളത് ;

(ബി) ഇത്രയും അളവ് പാൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നു ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നും സംഭരിക്കുന്ന പാലിനുകൊടുക്കുന്ന വിലയെത്രയാണ് ;

(ഡി) സംസ്ഥാനത്തിനകത്തു നിന്നും സംഭരിക്കുന്ന പാലിനെന്തുവിലകൊടുക്കുന്നു ;

(ഇ) ഈ പാൽ എന്തു വിലക്ക് വില്ക്കുന്നു ;

(എഫ്) സംസ്ഥാനത്തെ ക്ഷീര കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിന് വില കൂട്ടി കൊടുക്കുവാൻ തയ്യാറാകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ.സി.ദിവാകരൻ**
**(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് പ്രതിദിനം 78 ലക്ഷം ലിറ്റർ പാൽ ആവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) കേരളത്തിൽ പ്രതിദിനം 58 ലക്ഷം ലിറ്റർ പാൽ ആഭ്യന്തിരമായി ഉല്പാദിക്കപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. ഇതിൽ 20% വരെ മാത്രമെ സഹകരണ മേഖലയിൽ സംഭരിക്കപ്പെടുന്നുള്ളൂ. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് മുതലായ അയൽ സംസ്ഥാനങ്ങലിൽ നിന്നും പാൽ ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്.

(സി) ഉഭയ കക്ഷി സമ്മതപ്രകാരം കർണ്ണാടക ഫെഡറേഷനും മിൽമയും തമ്മിൽ ഉണ്ടാക്കിയ കരാർ പ്രകാരം 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖരപദാർത്ഥങ്ങളുമടങ്ങിയ പാലിന് ലിറ്ററൊന്നിന് 11.50 രൂപ നൽകിവരുന്നു. (ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് പുറമേ).

(ഡി) സംസ്ഥാനത്തിനകത്തുനിന്നും മിൽമ സംഭരിക്കുന്ന ശരാശരി ഗുണനിലവാരമുള്ള (4.1% കൊഴുപ്പും 8.3 % കൊഴുപ്പിതര ഖരപദാർത്ഥങ്ങളുമടങ്ങിയ) ഒരു ലിറ്റർ പാലിന് 12 രൂപ 69 പൈസ നൽകുന്നു. പരമ്പരാഗത ക്ഷീരസംഘങ്ങൾ ലിറ്ററിന് ശരാശരി 13 രൂപ വില നൽകുന്നു.

(ഇ) ആപ്കോസ് സംഘങ്ങളിൽ നിന്ന് സംഭരിക്കുന്ന പാലിന് 12.50 രൂപാ നൽകുന്നു. മിൽമ വിപണനം ചെയ്യുന്നത് മുഖ്യമായും ടോൺഡ് പാൽ (3% ഫാറ്റും 8.5% എസ്. എൻ. എഫും) ആണ്. ഇതിന്റെ വിൽപ്പന വില ലിറ്ററിന് 16 രൂപയാണ്.

(എഫ്) 11.2.2007 മുതൽ പുതുക്കിയ വില നിരക്കനുസരിച്ച് എല്ലാ കർഷകർക്കും ലിറ്ററിന് നിലവിലുള്ള നിരക്കിൽ 75 പൈസാ വീതം വർദ്ധിപ്പിച്ച നിരക്കിലാണ് മിൽമ പാൽ സംഭരണം നടത്തുന്നത്.

## ഉപാധികളില്ലാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കാൻ നടപടി

155 ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. വി. ശശികുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും ഉപാധികൾ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളിൽ നിയമന നിരോധനം ഏർപ്പെടുത്താനും വസ്തുകരം വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ;

(സി) കൃഷി ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നത് പ്രോത്സാഹിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തോടുള്ള പ്രതികരണം സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ;

(എഫ്) ഈ ഉപാധികളില്ലാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി
### (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)

(എ), (ബി), & (സി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റന്യൂവൽ മിഷൻ (JNNURM), അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT), ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോജക്ട് (IHSDP) എന്നിവ നടപ്പിലാക്കുന്നതിന് പൊതുവായ ചില നിർബന്ധിത പരിഷ്ക്കാരങ്ങളും (Mandatory Reforms) തെരഞ്ഞെടുക്കാവുന്ന പരിഷ്ക്കാരങ്ങളും (Optional Reforms) നിർദ്ദേശിച്ചിട്ടുണ്ട്. അത് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(ഡി) ഭേദഗതികളോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് അനുയോജ്യമല്ലാത്ത വ്യവസ്ഥകൾ ഉപാധികളോടെ മാത്രമേ അംഗീകരിക്കാൻ കഴിയുകയുള്ളൂ എന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(എഫ്) ഉപാധികളിൽ ആവശ്യമായ ഭേദഗതികളോടെ സഹായം സ്വീകരിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

<u>അനുബന്ധം-1</u>

<u>നഗരപരിഷ്കാരങ്ങൾ:</u>

മാൻഡേറ്ററി (നിർബന്ധിത) പരിഷ്കാരങ്ങൾ:

1. നഗരസഭകളിൽ അക്കൗണ്ടിംഗിനായി ആധുനികവും മികച്ചതുമായ ഡബിൾ എൻട്രി സിസ്റ്റം നടപ്പിലാക്കുക

2. നഗര തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വിവിധ സേവനങ്ങൾക്ക് ജി.ഐ.എസ്., എം.ഐ. എസ്. തുടങ്ങിയ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ സൗകര്യങ്ങളുടെ സഹായത്തോടെ ഏർപ്പെടുത്തുന്ന ഇ-ഗവേണൻസ് സൗകര്യം.
3. നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമാകത്തക്കവിധത്തിൽ ജി.ഐ.എസ്. ഉപയോഗിച്ചുള്ള പ്രോപ്പർട്ടി ടാക്സ് പരിഷ്കാരവും പദ്ധതി കാലയളവിൽ ചുരുങ്ങിയത് 85 ശതമാനം എങ്കിലും ടാക്സിന്റെ പിരിച്ചെടുക്കൽ നടപ്പാക്കാൻ വേണ്ടി ക്രമീകരണങ്ങൾ.
4. പദ്ധതി കാലയളവിനുള്ളിൽ പ്രവർത്തന അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് കണ്ടെത്തുക
5. നഗരദരിദ്രർക്ക് അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിൽ തുക മാറ്റി വയ്ക്കൽ
6. ദരിദ്രർക്ക് താങ്ങാവുന്ന വിലയ്ക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം, മെച്ചപ്പെട്ട സേവനങ്ങൾ, ശുദ്ധജല ലഭ്യത, സാനിട്ടേഷൻ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷിതത്വം എന്നീ മേഖലകളിൽ സർക്കാർ നിലവിൽ ലഭ്യമാക്കുന്ന സേവനങ്ങളുടെ ലഭ്യത.

<u>സംസ്ഥാന പരിഷ്കാരങ്ങൾ:</u>

1. 74-ാമത് ഭരണഘടനയിൽ വിഭാവന ചെയ്യുന്നതുപോലെയുള്ള വികേന്ദ്രീകരണ നടപടികളുടെ നടപ്പാക്കൽ
2. സ്റ്റാമ്പ് ഡ്യൂട്ടി പദ്ധതി കാലാവധിക്കുള്ളിലായി 5 ശതമാനം തുകയിൽ താഴെയായി കുറച്ചുകൊണ്ടുവരിക.
3. പൗരൻമാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാമൂഹ്യ പങ്കാളിത്ത നിയമം നടപ്പിലാക്കുക. നഗരപ്രദേശങ്ങളിൽ ഏരിയാ സഭ എന്ന ആശയം അവതരിപ്പിക്കുക.

<u>ഓപ്ഷണൽ പരിഷ്കാരങ്ങൾ (യഥേഷ്ടം തെരഞ്ഞെടുക്കാവുന്നത്)</u>

1. അർബർ ലാന്റ് സീലിംഗ് ആന്റ് റഗുലേഷൻ ആക്ട് പിൻവലിക്കുക
2. വാടകക്കാരന്റെയും ഉടമകളുടെയും താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വാടക നിയന്ത്രണ നിയമങ്ങൾ ഭേദഗതി ചെയ്യുക
3. ത്രൈമാസ പ്രവർത്തന വിവരങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മധ്യകാല ധനകാര്യ പ്ലാൻ തയ്യാറാക്കുന്നതിനുമായി പബ്ലിക് ഡിസ്ക്ലോഷൻ ലോ നടപ്പിലാക്കുക
4. ഭൂവികസനം, കെട്ടിട നിർമ്മാണം എന്നിവയുടെ അംഗീകാരത്തിനായി ബൈ-ലോ പരിഷ്ക്കരിക്കുക
5. കൃഷിഭൂമി കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനെതിരെയുള്ള നിയമങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുക
6. നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയുടെ ടൈറ്റിൽ സർട്ടിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുക
7. പൊതു സ്വകാര്യ ഏജൻസികളുടെ എല്ലാ ഹൗസിംഗ് പ്രോജക്ടുകളിലും വികസിപ്പിക്കുന്ന ഭൂമിയുടെ 20-25 ശതമാനം സബ്സിഡിയോടുകൂടി EWS/LIG വിഭാഗങ്ങൾക്കായി മാറ്റി വയ്ക്കുക
8. വസ്തു രജിസ്ട്രേഷനിൽ കംപ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുക
9. ഭാവിയിൽ ഉയർന്നു വരുന്ന എല്ലാ കെട്ടിടങ്ങളിലും മഴവെള്ള സംഭരണം നിർബന്ധമാക്കുവാനും ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും ആവശ്യമായ മാറ്റങ്ങൾ വരുത്തുക.
10. റീസൈക്കിൾ ജലം വീണ്ടും ഉപയോഗിക്കുവാനുള്ള നിയമങ്ങൾ
11. വോളന്ററി റിട്ടയർമെന്റ്, റിട്ടയർമെന്റിലൂടെ ഒഴിവു വരുന്ന സ്ഥാപനങ്ങളിൽ പുനർനിയമനങ്ങൾ നടത്താതിരിക്കൽ തുടങ്ങിയ നടപടികളിലൂടെ ചെലവ് കുറയുന്നതും ഇക്കാര്യത്തിൽ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതുമായ ഭരണപരമായ പരിഷ്കാരങ്ങൾ
12. ഘടനാപരമായ പരിഷ്ക്കാരങ്ങൾ
13. സ്വകാര്യ പൊതുമേഖലകളുടെ പാർട്ട്ണർഷിപ്പ് പോൽസാഹിപ്പിക്കുക.

## ക്ഷീരവികസന ഓഫീസുകൾ

156 ശ്രീ. സി.എഫ്. തോമസ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ തലങ്ങളിൽ ക്ഷീരവികസന ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമേ?

**ഉത്തരം: ശ്രീ.സി.ദിവാകരൻ**
**(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)**

(എ) നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ മാത്രമാണ് ക്ഷീരവികസന ഓഫീസുകൾ ഉള്ളത്. പതിനായിരം ലിറ്ററിനുമുകളിൽ പാൽ ശേഖരിക്കുന്നതും, അഞ്ചിൽ കൂടുതൽ ക്ഷീരസംഘങ്ങൾ ഉള്ളതും, ഡയറി ഫ്രണ്ട്ലി ആയിട്ടുള്ളതുമായ പഞ്ചായത്തുകളിൽ ഘട്ടം ഘട്ടമായി ക്ഷീര വികസന ഓഫീസുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. മറ്റ് വികസന പ്രവർത്തന ങ്ങളോടൊപ്പം പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തി ഉപഭോക്താവിന്റെ ആരോഗ്യം പരിരക്ഷിക്കേണ്ട ചുമതല കൂടി ക്ഷീരവികസന വകുപ്പിനുള്ളതിനാൽ നഗരസഭകളിലും കോർപ്പറേഷനുകളിലും ക്ഷീരവികസന ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്.

## ഐ.ടി. വ്യവസായ നയം

157 ശ്രീ. വർക്കല കഹാർ
,, പി.സി. വിഷ്ണുനാഥ്
,, കെ. സുധാകരൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഐ.ടി വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം;

(സി) ഐ.ടി വ്യവസായത്തിനു വേണ്ടി സ്പെഷ്യൽ ഇക്കണോമിക് സോണുകൾ അനുവദിക്കാനുദ്ദേശിക്കുന്നണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വിശദീകരിക്കുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) & (ബി) ഐ. റ്റി. നയത്തിന്റെ കരട് പ്രഖ്യാപിച്ചിട്ടുണ്ട്. കരട് നയത്തിന്റെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു.

(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമ സഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

(സി) & (ഡി) ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ഐ. റ്റി. നയം പ്രഖ്യാപിക്കുമ്പോൾ വ്യക്തമാകുന്നതാണ്.

## മൃഗാശുപത്രികളുടെ വികസനം

158 ശ്രീ. കെ.വി.കുഞ്ഞിരാമൻ
" മുരളി പെരുനെല്ലി
" കെ.കെ.ജയചന്ദ്രൻ
" കെ.കെ.ദിവാകരൻ
" ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) മൃഗചികിത്സയ്ക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങളും രോഗനിർണ്ണയ സാമഗ്രികളും ലഭ്യമാക്കുന്നതിനും ആശുപത്രികളിലെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഈ വർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എല്ലാ മൃഗാശുപത്രികളിലും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം: ശ്രീ.സി.ദിവാകരൻ
### (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) 200 മൃഗാശുപത്രികൾ, 938 വെറ്ററിനറി ഡിസ്പെൻസറികൾ, 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, 47 വെറ്ററിനറി പോളീക്ളിനിക്കുകൾ, 4 റീജിയണൽ ഡയഗ്നോസ്റ്റിക് ലാബുകൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തെ മൃഗാരോഗ്യ പരിപാലന സംവിധാനം. ഇൻഡ്യൻ വെറ്ററിനറി കൗൺസിലിന്റെ മാർഗ്ഗ നിർദ്ദേശത്തോടെ മേൽപ്പറഞ്ഞ കേന്ദ്രങ്ങളുടെ സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി യുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഏകീകരിക്കൽ, ഉദ്യോഗസ്ഥരുടെ തൊഴിൽ വൈദഗ്ധ്യം ഉയർത്തുക, മെച്ചപ്പെട്ട രോഗനിർണ്ണയ സാങ്കേതിക രീതികൾ അവലംബിക്കുക എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മൃഗാശുപത്രികളുടെ അറ്റകുറ്റപണികൾക്കും ഫണ്ട് വകയിരുത്തി ചിലവഴിച്ചുവരുന്നു.

(ബി) ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളെ മാതൃകാ സ്ഥാപനങ്ങളാക്കുന്നതിനും മൃഗചികിത്സ ക്കാവശ്യമായ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം 98 ലക്ഷം രൂപ ചിലവാക്കുന്നു. മൃഗചികിത്സാ സ്ഥാപനങ്ങ ളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികരോഗ നിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും, ജി. എം. പി /ജി. എൽ. പി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനും 2.5 കോടി രൂപ ചിലവഴിക്കുന്നതാണ്. കന്നുകുട്ടികളുടെ ആരോഗ്യപരിപാലനത്തിനായി പ്രത്യേക ക്ളിനിക്കുകൾ, വന്ധ്യതാ പരിശോധന ക്യാംപുകൾ, പേ വിഷ നിയന്ത്രണ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. മൃഗാശുപത്രികളില്ലാത്ത പുതിയ പഞ്ചായത്തുകളിൽ പുതുതായി 7 മൃഗാശുപത്രികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിനോട നുബന്ധിച്ച് പുതിയ ലബോറട്ടറി മന്ദിരം പണിയുന്നതിനും പ്രവർത്തനങ്ങൾ മെച്ച പ്പെടുത്തുന്നതിനുമായി 33 ലക്ഷം രൂപയും മേഖലാ രോഗനിർണ്ണയ ലബോറട്ടറിക ളുടെ വികസനത്തിനായി 95 ലക്ഷം രൂപയും വിനിയോഗിക്കുന്നു.

(സി) എല്ലാ മൃഗാശുപത്രികളിലും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പാചകം ചെയ്ത ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി

159 ശ്രീ. കെ. രാജു
,, കെ. അജിത്
,, മാങ്കോട് രാധാകൃഷ്ണൻ
ശ്രീമതി ഇ. എസ്. ബിജി മോൾ
ശ്രീ. എൻ. അനിരുദ്ധൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തലത്തിലുള്ള ഹോട്ടലുകൾ വഴി പാചകം ചെയ്ത് വില്പന നടത്തുന്ന ഭക്ഷ്യ സാധനങ്ങളുടെ അളവും വിലയും ഏകീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വ്യക്തമാക്കുമോ ?

(ബി) പാചകം ചെയ്ത ഭക്ഷണ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനും സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്ക് ഇവ ലഭ്യമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മത്സ്യം, മാംസം എന്നിവ പാചകം ചെയ്ത് വില്പന നടത്തുന്നതിലെ അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുമോ?

### ഉത്തരം: ശ്രീ.സി.ദിവാകരൻ
### (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) & (ബി) സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾക്ക് വില വർദ്ധന ഉണ്ടായ സാഹചര്യത്തിൽ വ്യാപാരി വ്യവസായി പ്രതിനിധികളെയും ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ പ്രതിനിധികളെയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുകൂട്ടി ചർച്ച ചെയ്ത അവസരത്തിൽ ഭക്ഷ്യസാധനങ്ങളുടെ അളവും വിലയും ഏകീകരിക്കുന്ന കാര്യം ചർച്ച ചെയ്യുകയും വിലയിൽ ഗണ്യമായ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. അളവു തൂക്ക വകുപ്പുമായി ആലോചിച്ചു വിലകൾ പുതുക്കി നിശ്ചയിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാ/താലൂക്ക് തല ജോയിന്റ് സ്ക്വാഡുകൾ പരിശോധനകൾ നടത്തിവരുന്നു. ഇതിനുപുറമെ വിലനിലവാരം നിരീക്ഷിക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും റെയ്ഡുകൾ നടത്തി വരുന്നു.

(സി) മത്സ്യം, മാംസം എന്നിവ പാചകം ചെയ്ത് വില്പന നടത്തുന്നതിൽ അനിയന്ത്രിതമായ വിലക്കയറ്റം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം

160 ശ്രീ.സി.എച്ച്. കുഞ്ഞമ്പു
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. അൽഫോൺസ് കണ്ണന്താനം
,, ബി.ഡി. ദേവസ്സി
,, എം.ജെ. ജേക്കബ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ അവലോകനം ചെയ്യുന്നതിനായുള്ള വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവ കൃത്യമായി യോഗം ചേരുന്നുണ്ടോ; ജില്ലാതല സമിതികൾ കൂടുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സമിതികൾ യോഗം ചേരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; പൊതു ജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിന് വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾക്ക് അധികാരം ഉണ്ടോ;

(ഡി) അപ്രകാരം ലഭിക്കുന്ന പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

**ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) & (സി) സംസ്ഥാനതല സമിതിയും ഭൂരിപക്ഷം ജില്ലാസമിതികളും യോഗം ചേർന്നിട്ടുണ്ട്. ചേരാത്ത സമിതികൾ കൃത്യമായി യോഗം ചേരുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിന് വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾക്ക് അധികാരം ഉണ്ട്.

(ഡി) ജില്ലാതല സമിതികൾക്ക് ലഭിയ്ക്കുന്ന പരാതികൾ ജില്ലാ കളക്ടർ, പ്രോജക്ട് ഡയറക്ടർ എന്നിവർക്ക് അന്വേഷണത്തിന് നൽകുകയോ അല്ലെങ്കിൽ നിയമാനുസൃതമായി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതും, ഇതിൻമേൽ 30 ദിവസത്തിനകം നടപടി സ്വീകരിക്കേണ്ടതുമാണ്. സംസ്ഥാന സമിതിയ്ക്ക് ലഭിയ്ക്കുന്ന പരാതി സമിതിയ്ക്ക് പരിശോധിക്കാവുന്നതും തുടർ നടപടികൾ ശുപാർശ ചെയ്യാവുന്നതുമാണ്.

## ആശ്രയ പദ്ധതി

161 ശ്രീ. കെ. സി. രാജഗോപാലൻ
,, എം. പ്രകാശൻ മാസ്റ്റർ
,, ബി. രാഘവൻ
,, സാജുപോൾ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവം ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള ആശ്രയ പദ്ധതി എത്ര ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കി; പദ്ധതി പ്രകാരം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമം എന്താണ്;

(ഡി) ആശ്രയ പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി
### (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)

(എ) 598 ഗ്രാമപഞ്ചായത്തുകളിലും 16 നഗരസഭകളിലും

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 17 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി. കൂടാതെ പദ്ധതിപ്രകാരം 48379 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 9 ഇന ക്ലേശ ഘടകങ്ങൾ ഉപയോഗിച്ചാണ്.

<u>ക്ലേശഘടകങ്ങൾ (ഗ്രാമങ്ങളിൽ)</u>

1. കിടപ്പാടം (ഭൂമി) ഇല്ലാത്തവർ/10 സെന്റിന് താഴെ മാത്രം ഭൂമിയുള്ളവർ.
2. വീടില്ലാത്തവർ/വാസയോഗ്യമായ വീടില്ലാത്തവർ
3. സാനിറ്ററി ടോയ്‌ലറ്റ് ഇല്ലാത്തവർ
4. 300 മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമല്ലാത്തവർ
5. സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബം/വിധവ/ഭർത്താവ് ഉപേക്ഷിച്ച സ്ത്രീ/അവിവാഹിതയായ അമ്മ
6. കുടുംബത്തിൽ ആർക്കും തന്നെ സ്ഥിരമായി തൊഴിലില്ലാത്തവർ
7. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബം
8. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ/മാറാവ്യാധികൾ ബാധിച്ചവർ
9. പ്രായപൂർത്തിയായ ഒരാളെങ്കിലും നിരക്ഷരനോ നിരക്ഷരയോ ആയ കുടുംബം

<u>ക്ലേശഘടകങ്ങൾ (നഗരങ്ങളിൽ)</u>

1. കിടപ്പാടം (ഭൂമി) ഇല്ലാത്തവർ – 5 സെന്റിന് താഴെമാത്രം ഭൂമിയുള്ളവർ
2. വീടില്ലാത്തവർ/വാസയോഗ്യമായ വീടില്ലാത്തവർ
3. സാനിറ്ററി ടോയ്‌ലറ്റ് ഇല്ലാത്തവർ
4. 150 മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമല്ലാത്തവർ
5. സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബം/വിധവ/ഭർത്താവ് ഉപേക്ഷിച്ച സ്ത്രീ/അവിവാഹിതയായ അമ്മ
6. സ്ഥിരമായ വരുമാനം ഇല്ലാത്തവർ
7. പട്ടികജാതി/പട്ടിവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബം

8. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ/മാറാവ്യാധികൾ ബാധിച്ചവർ
9. കളർ ടി.വി. ഇല്ലാത്ത കുടുംബം

കുടുംബശ്രീയുടെ അംഗീകൃത 9 ക്ലേശഘടകങ്ങളിൽ എല്ലാ ഘടകങ്ങളുമോ കുറഞ്ഞത് 7 എണ്ണമെങ്കിലുമോ ബാധകമായ കുടുംബങ്ങൾ ദരിദ്രകുടുംബങ്ങൾ ആയിരിക്കും.

ഇതിനോടൊപ്പം താഴെപ്പറയുന്നവയിൽ ഒന്നോ അതിൽ കൂടുതലോ ഘടകങ്ങൾകൂടി ബാധകമാകുന്ന കുടുംബങ്ങളെയാണ് അഗതി കുടുംബങ്ങളായി പരിഗണിക്കുന്നത്.

<u>ഗ്രാമപ്രദേശം</u>

1. പുറമ്പോക്കുകളിൽ താമസ്സിക്കുന്നവർ, കടത്തിണ്ണയിലും പൊതുസ്ഥലങ്ങളിലും അന്തിയുറങ്ങുന്നവർ
2. സാമ്പത്തിക പരാധീനത അനുഭവപ്പെടുന്ന തീരാവ്യാധികൾ പിടിപെട്ട അംഗങ്ങൾ ഉള്ള കുടുംബം
3. ഭിക്ഷയാചിച്ച് കഴിയുന്നവർ
4. അവിവാഹിതയായ അമ്മ, ഹ്രസ്വകാലത്തേയ്ക്ക് വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടശേഷം ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ
5. മെച്ചപ്പെട്ട പാർപ്പിട സൗകര്യമില്ലാത്ത, ഭൗതിക ജീവിത സൗകര്യങ്ങൾ നിഷേധിക്കപ്പെട്ട, അകാലത്തിൽ വിധവകളാകേണ്ടിവന്ന സ്ത്രീകളും വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതകളായി തുടരാൻ നിർബന്ധിതരുമായ സ്ത്രീകൾ
6. ശാരീരികവും മാനസികവുമായ വൈകല്യങ്ങളുള്ളവരും ചികിത്സയ്ക്കോ പുനരധിവാസത്തിനോ പറ്റിയ ജീവിത സാഹചര്യമില്ലാത്തതുമായ കുടുംബങ്ങൾ
7. പ്രായപൂർത്തിയായ ആരോഗ്യമുള്ള ഒരു വ്യക്തിയും ഇല്ലാത്ത കുടുംബം
8. അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾ ഉള്ള കുടുംബം

<u>നഗരപ്രദേശം</u>

1. കടത്തിണ്ണയിലും പൊതുസ്ഥലങ്ങളിലും അന്തിയുറങ്ങുന്നവർ
2. ഭൗതിക ജീവിത സൗകര്യം നിഷേധിക്കപ്പെട്ട, അകാലത്തിൽ വിധവകളാകേണ്ടിവന്ന സ്ത്രീകളും വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി തുടരാൻ നിർബന്ധിതരുമായി സ്ത്രീകൾ
3. ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചവർ
4. 60 വയസ്സിൽ താഴെ പ്രായമുള്ള ആരോഗ്യമുള്ള ഒരു വ്യക്തിയും ഇല്ലാത്ത കുടുംബം
5. അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾ ഉള്ള കുടുംബം
6. തെരുവു കുട്ടികളുള്ളതോ ജുവനൈൽ ഹോമിലോ പുവർ ഹോമിലോ കുട്ടികൾ ഉള്ളതുമായ കുടുംബം
7. 14 വയസ്സിനുതാഴെ കുട്ടികൾ ഉപജീവനത്തിനായി തൊഴിൽ ചെയ്യുന്ന കുടുംബം
8. ലൈംഗികത്തൊഴിലാളികളുള്ള കുടുംബം
9. അബല മന്ദിരങ്ങളിൽ താമസിക്കുന്ന സ്ത്രീകൾ ഉള്ള കുടുംബം
10. ചേരികളിൽ താമസിക്കുന്ന കുടുംബം

(ഡി) ആശ്രയ പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പിലാക്കാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ നടപടി ആരംഭിക്കേണ്ടത്. സംസ്ഥാന ഗവൺമെന്റ് കുടുംബശ്രീ വഴി ഇക്കാര്യത്തിൽ വേണ്ടി സഹായ നടപടികൾ ചെയ്യുന്നതാണ്.

## എൻ.ആർ.ഐ. നിക്ഷേപകർക്ക് പദ്ധതികൾ

162 ശ്രീ. പി.സി. വിഷ്ണുനാഥ്
" എൻ.ശക്തൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഐ. നിക്ഷേപകർക്ക് വേണ്ടി ചെറുകിട ഇടത്തരം പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം പദ്ധതികൾ നിലവിൽ ഇല്ലാത്തപക്ഷം അത്തരം പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ ശ്രദ്ധിക്കുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) & (ബി) ഉണ്ട്. എൻ.ആർ.ഐ. നിക്ഷേപകർക്ക് വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന ചെറുകിട ഇടത്തരം പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. പ്രവാസി കേരളീയർക്ക് നിക്ഷേപം നടത്താവുന്ന വ്യവസായ, കാർഷിക, ആരോഗ്യ, ഭക്ഷ്യസംസ്ക്കരണ മേകലകളിലാണ് ഇതിനുള്ള പ്രോജക്ട് പ്രൊഫൈലുകൾ തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ പ്രാദേശികമായി സാദ്ധ്യതയുള്ള ചെറുകിട ഇടത്തരം വ്യവസായ പദ്ധതികൾക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയും രൂപം കൊടുത്തിട്ടുണ്ട്. ഇത്തരം പദ്ധതികളിൽ പ്രവാസി മലയാളികളുടെ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിന് ഇവർക്ക് 5 ലക്ഷം രൂപ വരെ മാർജിൻ മണി വായ്പ നൽകുന്ന ഒരു പ്രത്യേക പദ്ധതിയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു.

## എ.ഡി.ബി. വായ്പ

163 ശ്രീ. അടൂർ പ്രകാശ്
ശ്രീ. കെ. സി. ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
പ്രൊഫ. കെ. വി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ നഗരസഭകളുടെ സുസ്ഥിര വികസനത്തിനുവേണ്ടി എടുക്കുന്ന എ.ഡി.ബി. വായ്പ സംബന്ധിച്ച് ഗവൺമെന്റ് എ.ഡി.ബി. പ്രതിനിധികളുമായി എന്തെല്ലാം ചർച്ചകൾ നടത്തി;

(ബി) ചർച്ചകളിൽ ഗവൺമെന്റിനെയും എ.ഡി.ബി യേയും പ്രതിനിധാനം ചെയ്തതാരെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) ചർച്ചകളിൽ എ.ഡി.ബി. വായ്പ സംബന്ധിച്ച വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റം വരുത്തുവാൻ തീരുമാനിച്ചു;

(ഡി) ഇതു സംബന്ധിച്ച് നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ് മേശപ്പുറത്തു വയ്ക്കുമോ?

**ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 1006 സെപ്തംബർ മാസം 10 മുതൽ 12 വരെ എ.ഡി.ബി. മിഷനുമായി നടത്തിയ ചർച്ചയിലെ പ്രധാന വിഷങ്ങൾ ഇവയാണ്:

1. വായ്പ എടുക്കുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാർ നടത്തിയ മുന്നൊരുക്കങ്ങളുടെ അവലോകനം
2. പ്രോജക്ട് മാനേജുമെന്റ് കൺസൾട്ടൻസിക്കു പകരം ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റിന്റെ രൂപീകരണം
3. എ.ഡി.ബി.-യുടെ ഗ്രാന്റായി കിട്ടുന്ന സാങ്കേതിക സഹായത്തിന്റെ (TA 4497 IND) പുരോഗതി അവലോകനം

(ബി) ചർച്ചകളിൽ എ.ഡി.ബി.-യെ പ്രതിനിധീകരിച്ച് ശ്രീ. ഹൺകിം (ഡയറക്ടർ) ഹിറോയികി ഐകൊമോട്ടോ (പ്രോജക്ട് ഇക്കണോമിസ്റ്റ്) സി.റ്റി. എബ്രഹാം (സീനിയർ ഫിനാൻസ്/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) എന്നിവരും സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് ഡോ. തോമസ് ഐസക് (ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി), ശ്രീ. പാലൊളി മുഹമ്മദ് കുട്ടി (ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി), ശ്രീ. മുഹമ്മദ് റിയാസുദ്ദീൻ (മുൻ ചീഫ് സെക്രട്ടറി, ഗവണ്മെന്റ് ഓഫ് കേരള) ശ്രീ. എം.എം. വിജയാനന്ദ് (പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്), ശ്രീ. ടി.കെ. ജോസ് (സെക്രട്ടി തദ്ദേശസ്വയംഭരണ വകുപ്പ്) ശ്രീ. ആനന്ദ് സിംഗ് ( പ്രോജക്ട് ഡയറക്ടർ കേരള സുസ്ഥിര നഗരവികസന പദ്ധതി), ശ്രീ. വി.വി. കൃഷ്ണരാജൻ (മെമ്പർ സെക്രട്ടറി, ട്രിഡ), ശ്രീ. ടോമി സിറിയക് (ഐ.ഇ.സി. മാനേജർ, ഭരണ നവീകരണ പദ്ധതി) എന്നിവരും പങ്കെടുത്തു.

(സി) 21 കോടിയോളം ചെലവ് വരുന്ന പ്രോജക്ട് മാനേജുമെന്റ് കൺസൾട്ടൻസിന് പകരം 5.6 കോടി മാത്രം ചെലവ് വരുന്ന ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റ് രൂപീകരിക്കാൻ തീരുമാനിച്ചു. മലിനജല സംസ്ക്കരണത്തിന് വേണ്ടി മാത്രമായിരിക്കും ഇന്റർനാഷണൽ കൺസൾട്ടന്റിന്റെ സേവനം പ്രയോജനപ്പെടുത്തുക

(ഡി) യോഗത്തിന്റെ നടപടിക്കുറിച്ച് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

163/b

Asian Development Bank

AIDE MEMOIRE OF LOAN AND TA REVIEW MISSION
FOR
LOAN 2226-IND: KERALA SUSTAINABLE URBAN DEVELOPMENT PROJECT
TA 4518-IND: CAPACITY BUILDING FOR KERALA SUSTAINABLE URBAN DEVELOPMENT
AND
TA 4497-IND: CAPACITY BUILDING FOR MUNICIPAL SERVICE DELIVERY IN KERALA
10–12 SEPTEMBER 2006

## I. INTRODUCTION

1 A loan and TA review mission (the Mission) visited Thiruvananthapuram, Kerala on 10-12 September 2006. The Mission comprised Hun Kim, Director SAUD, Hiroyuki Ikemoto, Project Economist (Mission Leader) and C.T. Abraham, Senior Finance/Administration Officer. The main purposes of the Mission were: (i) review of the preparatory work done by the Government of Kerala (GoK) with particular focus on the loan effectiveness condition; (ii) examination of technical support required for the project management unit (PMU); and (iii) review of the progress of TA 4497-IND. The Mission had extensive discussions with Minister for Finance, Minister for Local Self Government, Chief Secretary, Principal Secretary and Secretary for Local Self Government Department, Project Director and consultants for TA 4518-IND. The executing agency (EA) is the Local Self Government Department, GoK. Based on these discussions, the Mission prepared this Aide Memoire, which is requested to be confirmed by GoK and the Department of Economic Affair (DEA), Ministry of Finance, the Government of India, by 30 September 2006.

## II. SUMMARY OF MISSION FINDINGS

### A. Loan 2226-IND: Kerala Sustainable Urban Development Project (the Project)

2 **Loan Signing and Effectiveness.** The Mission reminded GoK of the loan signing deadline of 20 December 2006, and requested to communicate with DEA for necessary steps. GoK agreed to make necessary arrangements with DEA for loan singing in December 2006.

3 Also, the Mission reminded GoK that establishment of the PMU and the project implementation units (PIUs) is a loan effectiveness condition. The EA confirmed that GoK has already approved 15 positions for the PMU as listed in project administration memorandum (PAM), and was coordinating with project cities to meet staff requirements for the PIUs. The EA explained that the PIU staff would be nominated by end November 2006 and would be mobilized by January 2007 to be ready for loan effectiveness expected in February 2007.

4 **Establishment of Technical Support Unit (TSU) under PMU.** The Mission and the GoK jointly reviewed the required technical support for the PMU. It was proposed that the TSU would replace the PMC. However, the TSU's terms of reference (ToR) will remain broadly the

162/c

[illegible] as that for the PMU in the PAM. It was agreed that the TSU would consist of the following experts:

(i) Institutional and governance expert as a team leader for 24 person-months (national consultant for continuous assignment);
(ii) Two project engineers for 24 person-months each to liaise/supervise the design and supervision consultants (DSCs) (national consultants for continuous assignments);
(iii) Procurement expert for 12 person-months (national consultant for intermittent assignment);
(iv) Urban planner/geographical information system expert for 12 person-months (national consultant for intermittent assignment);
(v) Safeguards expert for 12 person-months (national consultant for intermittent assignment); and
(vi) Wastewater engineer for 18 person-months (international consultant for intermittent assignment)

5. The PMU will prepare the ToR for the TSU for submission to the Coordination Committee of GoK for its approval by 22 September. The approved documents will be forwarded to ADB for review and concurrence. A consulting firm with international experience will be recruited for the TSU through quality-cost based selection (QCBS) procedure as required in the PAM. The recruitment process will be completed in the next 6 months, so that the inception reports of DSCs will be ready for technical review by the TSU right after its contract signing.

6. **Kerala Local Government Development Fund (KLGDF).** GoK informed that the policy on establishment of KLGDF had been cleared, and the bill on establishment of KLGDF will be presented to the State Assembly by December 2006. After the issuance of the Act/Ordinance, it would take approximately one year to recruit the staff for the asset management company. It was also agreed that asset and liability evaluation of Kerala Urban and Rural Development Finance Corporation will be undertaken under TA 4497-IND.

7. **New Project Management Office.** The Mission expressed the need for a new office to accommodate increasing number of project staff and experts. GoK confirmed to obtain a new office at Trans Tower in Thiruvananthapuram before fielding of DSCs, subject to availability and approval of the Coordination Committee.

### B. TA 4518-IND: Capacity Building for Kerala Sustainable Urban Development

8. **Achievements and Further Tasks.** The Bridging TA has been assisting the PMU since February 2006 for upfront capacity building of the PMU and PIUs. The consultants have been working on the five major areas of project preparation and the progress of each activity is as follow

(i) **Designing of Project Implementation Manuals.** The consultants completed the designing of PAM and the draft project financial management and accounting manual;
(ii) **Preparation for Solid Waste Management Components.** The consultants prepared interim reports for four municipal corporations, and is targeting to complete draft final reports on solid waste management (SWM) plan, compost and landfill designs for Kollam and Thrissur by October 2006;

183/9

(iii) **Preparation for Urban Roads and Transport Improvement Components.** The consultants prepared interim reports for five city corporations, and is currently working on topographic surveys.

(iv) **Establishment of Geographical Information System.** A city base map for Kollam, Kozhikode and Kochi are scheduled for completion by December 2006; and

(v) **Procurement Assistance.** The consultants have assisted PMU in issuing a request for proposal (RFP) for DSCs selection, and completed preparation of a standard bidding document (SBD) for postqualification.

9. The consultants experienced delay due to following reasons:

(i) State elections have interrupted the full fielding of the consultants for three months;

(ii) Road survey results delay affected detailed engineering designs of roads;

(iii) Identification of the additional land in Kochi for sanitary landfill and a high court order stay on Kozhikode sanitary landfill have affected SWM surveys and compost plant and landfill designs; and

(iv) Satellite images for Thiruvananthapuram and Thrissur unavailable due to cloud cover.

In spite of this, the magnitude of delay is at manageable level, and the consultant will be able to complete the majority of the assignments by the end of 2006.

10. The PMU highly valued the assistance of the consultants under TA 4518-IND, and requested to extend the support till fielding of the TSU, particularly to support procurement activities related to road improvement and SWM. However, the Mission informed that there would be little financial resources available to continue the support under TA 4518-IND. The Mission requested the project management specialist under TA 4518-IND to review the unused person-month of each specialist, and extend the duration of services within the framework of existing contracts.

### C. TA 4497-IND: Capacity Building for Municipal Service Delivery In Kerala

11. The Mission reviewed progress of the activities under TA 4497-IND. GoK informed that the following steps had been undertaken based on ADB's earlier communication with them regarding the preliminary activities to be undertaken prior to fielding of consultants:

(i) GoK has identified two municipalities (Alleppey and Thalasserry) and two pilot panchayats (Kottarakkara and Mulamkunnathukavu) being urbanized and rural panchayats respectively.

(ii) GoK had already invited the mayors of the five corporations for a coordination meeting and has appraised them details regarding TA 4497-IND. It was informed that the mayors have appreciated the planned activities under the TA and have given their consent for implementation of TA 4497-IND in their respective corporations.

(iii) GoK has issued letters to the mayors on 1 September 2006 requesting them to make necessary arrangements prior to fielding of the consultants, which include (a) identification of four or more accounts staff under one accounts officer who would be responsible for TA 4497-IND, (b) compiling of data regarding assets, liabilities, incomes and expenses to form basis for data entry, and (c) allocation of adequate office space, computer equipment, and furniture for the activities under TA 4497-IND.

163/c

12 The Mission requested that necessary intimation be sent to the above two municipalities and panchayats to make necessary arrangements for accounting data entry, identification of accounting personnel, and for necessary space, equipment and furniture.

13 GoK agreed that a team of local fund auditors would be selected for exposure and appropriate training in the accounting system being adopted under the TA 4497-IND.

14 The Mission requested GoK to form a committee for the management of TA 4497-IND, which would guide and monitor the progress and output of various activities. This committee is to be constituted prior to the fielding of consultants.

15 GoK will organize a consultation meeting for the accounting teams of the corporations, municipalities and panchayats along with mayors/secretaries and other senior officials to assess the TA related activities, to be ready to assume ownership of TA 4497-IND and to take full benefits from the consultants. This meeting is to be conducted by end September or early October 2006 prior to the fielding of the consultants. GoK will also arrange for necessary dissemination of information regarding the activities under TA 4497-IND for public information by end September 2006 prior to the fielding of consultants

D. Others

16 Support for Urban Poor. The Mission and GoK confirmed that the Project will support the urban poor and socially vulnerable, including orphanages, widows, unemployed youth through livelihood programs and community infrastructure. Such activities will be supported under Part B: Urban Community Upgrading of the Project, which was allocated $22.5 million to be implemented by *Kudumbashree* and the municipal corporations.

17 Study Visit to People's Republic of China (PRC). The Mission discussed and agreed on the visit by the elected officials to PRC to learn from Chinese experiences, especially in the areas of tariff and tax reforms, which would be essential for financial sustainability in urban service delivery. The composition of the study visit team will be finalized after further discussion between ADB and GoK. ADB will start to make necessary arrangement for the proposed study visit scheduled tentatively in November 2006. The travel would be financed out of the saving for TA 4106-IND Kerala Sustainable Urban Development. The Mission requested GoK to obtain necessary clearance from DEA for the proposed study visit.

18 Visit to CESS. The Mission visited Center for Earth Science Studies (CESS) to see the progress of geographical information system (GIS) mapping. CESS is contracted by GoK under the ADB procedure, and the cost will be financed retroactively out of the loan proceeds after loan effectiveness. 12 staff has been working for the Project, and their work has been maintained by the GIS specialist recruited under TA 4518-IND. City maps for Kollam, Kozhikode and Kochi will be completed by December 2006, while Thiruvananthapuram and Thrissur by March 2007.

19 Finally, the Mission would like to express its appreciation to LSGD for the full cooperation extended to the Mission during its visit to Kerala.

12 September 2006
Hiroyuki Ikemoto
Project Economist
Asian Development Bank

163/17

Appendix 1

LIST OF PERSON MET

The Government of Kerala
Dr T.M. Thomas Issac, Minister for Finance
Mr Paloli Mohammed Kutty, Minister for Local Self Government
Mr. Mohammed Riasuddin, Chief Secretary, the Government of Kerala
Mr. S.M. Vijayanand, Principle Secretary, Local Self Government Department
Mr T.K. Jose, Secretary, Local Self Government Department
Mr Anand Singh, Project Director, Kerala Sustainable Urban Development Project
Mr. V. V. Krishnarajan, Member Secretary, Trivandrum Development Authority
Mr Tommy Cyriac, IEC Manager, Modernizing Government Program

TA 4518-IND: Capacity Building for Kerala Sustainable Urban Development
Mr. Vijay Padmanabhan, Project Management Specialist/Team Leader
Mr Srinivasa Setty, Procurement Specialist

Center for Earth Science Studies
Dr. K.K. Ramachandran, Scientist

## വാർഷിക പദ്ധതി നടത്തിപ്പ്

164 ശ്രീമതി. ജെ. അരുന്ധതി
ശ്രീ. എം. ചന്ദ്രൻ
ശ്രീ. ടി.പി. കുഞ്ഞുണ്ണി
,, സി.കെ.പി. പത്മനാഭൻ
,, എം. പ്രകാശൻ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക പദ്ധതി നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുണ്ടാകുന്ന വീഴ്ചയും കാലതാമസവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) പദ്ധതി നടപ്പിലാക്കുവാനുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് മൂലം പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന കാല താമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതി തുകയും മെയിന്റനൻസ് ഗ്രാന്റും ചെലവഴിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അവലോകനം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയും നടത്തിക്കഴിഞ്ഞു.

(ബി) ഉണ്ട്. സ്റ്റാഫിന്റെ അപര്യാപ്തത, ടെക്നിക്കൽ സാംഗ്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം, ഭൂമി വിലയ്ക്കെടുക്കുവാനുള്ള നടപടിക്രമങ്ങളിലെ കാലതാമസം, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ വരുന്ന കാലതാമസം ഇവയാണ് പദ്ധതി നടപ്പിലാക്കുവാനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി.-യിൽനിന്നും നിയമനം ലഭിച്ചുവരുന്ന എഞ്ചിനീയർമാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നതും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതുമായ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സേഞ്ചുവഴി നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ചെക്ക് മെഷർമെന്റ് എന്നീ ജോലികൾ ചെയ്യുന്നതിന് ബി.എൽ.റ്റി.സി. അംഗങ്ങളുടെ സേവനം വിനിയോഗിക്കാനും സംവിധാനം ഉണ്ട്.

(ഡി) 2007 ജനുവരി 31 വരെ 2006-07-ലെ പദ്ധതി വിഹിതത്തിന്റെ 31.7 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

(ഇ) പരിഗണനയിലില്ല.

## ഹജ്ജ് ഹൗസ് നിർമ്മാണത്തിന്റെ പൂർത്തീകരണം

165 ശ്രീ. പി. വിശ്വൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' മഞ്ഞളാംകുഴി അലി
'' എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടകരുടെ സൗകര്യാർത്ഥം കോഴിക്കോട് വിമാനത്താവളത്തിനു സമീപം നിർമ്മിക്കുന്ന ഹജ്ജ് ഹൗസിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു ;

(ബി) ഈ തുക എപ്രകാരം സ്വരൂപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഹജ്ജ് ഹൗസിൽ തീർത്ഥാടകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത് ;

(ഡി) അടുത്ത തീർത്ഥാടനത്തിനു മുമ്പ് ഹജ്ജ് ഹൗസ് നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി
### (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)

(എ) കോഴിക്കോട് വിമാനത്താവളത്തിന് സമീപം നിർമ്മിക്കുന്ന ഹജ്ജ് ഹൗസിന് ഏകദേശം 4.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) ഹജ്ജ് ഹൗസിന്റെ നിർമ്മാണ ചെലവായ 4.5 കോടി രൂപയിൽ ഒരു കോടി രൂപ സംസ്ഥാന സർക്കാരും ഒന്നരക്കോടി രൂപ കേന്ദ്ര ഹജ്ജ് കമ്മിറ്റിയും ബാക്കി തുക ഹാജിമാരിൽനിന്നും പ്രമുഖ വ്യക്തികളിൽനിന്നും സ്വരൂപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പുതുതായി നിർമ്മിക്കുന്ന ഹജ്ജ് ഹൗസിൽ ഏകദേശം 1000 പേർക്ക് ഒരേ സമയം ഉപയോഗിക്കാവുന്ന രീതിയിലുള്ള വിശ്രമകേന്ദ്രം, നമസ്ക്കാരഹാൾ, ഭക്ഷണശാല, ലഗേജ് ഹാൾ ഇതിനുപുറമേ എമിഗ്രേഷൻ, എയർ ഇന്ത്യ, ഹജ്ജ് കമ്മിറ്റി ഓഫീസ്, ഹജ്ജ് സെൽ എന്നിവ പ്രവർത്തിക്കാനുള്ള സൗകര്യവും ഒരുക്കുന്നുണ്ട്.

(ഡി) അടുത്ത ഹജ്ജ് തീർത്ഥാടനത്തിന് മുമ്പ് ഹജ്ജ് ഹൗസ് നിർമ്മാണം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട്

166 ശ്രീ. കോവൂർ കുഞ്ഞുമോൻ
" എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ

(എ) ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ മുസ്ലീങ്ങൾ പ്രത്യേകമായി നേരിടുന്ന പിന്നോക്കാവസ്ഥക്ക് പരിഹാരം കാണാൻ എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) ഉണ്ട്

(ബി) പരിശോധിച്ചു വരുന്നു.

## ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളപദ്ധതികൾ

167 ശ്രീ. എം. കെ. പ്രേംനാഥ്
,, ജോസ് തെറ്റയിൽ
ശ്രീ. കെ.പി. മോഹനൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്കരം അടയ്ക്കാത്തതിനാൽ പല പദ്ധതികളും മുടങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുടാപ്പുകൾ മാത്രമുള്ള കുടിവെള്ള പദ്ധതിക്കൾക്കു വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) കുടിവെള്ളക്കരം അടയ്ക്കാത്തതിനാൽ പദ്ധതികൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) 25.2.07-ലെ 674/കെ2/07/തസ്വഭവ. സർക്കുലർ പ്രകാരം വികേന്ദ്രീകൃതാസൂത്രണ പദ്ധതി മുഖേന നടപ്പാക്കിയിട്ടുള്ള പൊതുടാപ്പുകൾ മാത്രമുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്/ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽനിന്നും അടയ്ക്കുന്നതിന് അനുമതി ഇതിനകം നൽകിയിട്ടുണ്ട്.

## മാറാട് കലാപം സംബന്ധിച്ച സി.ബി.ഐ. അന്വേഷണം

168 ശ്രീ ജോർജ് എം.തോമസ്
,, പി.ജയരാജൻ
,, പി.പി.അബ്ദുള്ളക്കുട്ടി
,, കെ.കുഞ്ഞമ്മത് മാസ്റ്റർ
,, പി.വിശ്വൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപം സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കലാപം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേസ് ഏറ്റെടുക്കുന്ന കാര്യത്തിൽ സി.ബി.ഐ. വിസമ്മതം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനു സി.ബി.ഐ. നൽകിയിട്ടുള്ള വിശദീകരണം എന്താണ്;

(സി) ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള അനന്തര നടപടികൾ വിശദമാക്കുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) ഉണ്ട്

(ബി) ഇല്ല

(സി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്.

## എം. വിജയനുണ്ണി കമ്മീഷൻ റിപ്പോർട്ട്

169 ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.എ.എം. ആരിഫ്
ശ്രീ.എം. കെ. പുരുഷോത്തമൻ
ശ്രീ.ബി. രാഘവൻ
ശ്രീ.വി.എൻ. വാസവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ഫണ്ട് വിനിയോഗം സംബന്ധിച്ച് എം. വിജയനുണ്ണി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ കണ്ടെത്തലുകളും നിഗമനങ്ങളും എന്തെല്ലാമെന്നു വ്യക്തമാക്കാമോ;

(ബി) പുതുപ്പള്ളി, പാലാ നിയോജകമണ്ഡലങ്ങളിൽ സുനാമി ഫണ്ടിൽ നിന്നും വകമാറ്റി എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ;

(സി) അന്വേഷണവുമായി സർക്കാർ ഉദ്യോഗസ്ഥർ നിസഹകരിച്ചതായി കമ്മീഷൻ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെനടപടി സ്വീകരിക്കുമോ;

ഡി അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ), (ബി), (സി) & (ഡി) സുനാമി ഫണ്ട് വിനിയോഗം സംബന്ധിച്ച് എം. വിജയനുണ്ണി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചു വരുന്നു. അതിനുശേഷം ആക്ഷൺ ടേക്കൺ റിപ്പോർട്ട് സഹിതം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

## ബാണാസുരസാഗർ, കുറ്റ്യാടി ജലവൈദ്യുത പദ്ധതികൾ

170 ശ്രീ. എൻ. ശക്തൻ
,, കെ. സി. വേണുഗോപാൽ
,, എം. എ. വാഹീദ്
പ്രൊഫ. കെ. വി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുരസാഗർ പദ്ധതിയ്ക്കും കുറ്റ്യാടി ജലവൈദ്യുത പദ്ധതിയ്ക്കും കൂടി ആകെ വേണ്ടത് എത്ര ടി. എം. സി. വെള്ളമാണ്;

(ബി) ഇതിൽ കാവേരി ട്രിബ്യൂണൽ അനുവദിച്ച വെള്ളം എത്ര ടി. എം. സി. യാണ്;

(സി) കാരാമൺ തോട്ടിലെ വെള്ളം ബാണാസുരസാഗറിൽ സംഭരിച്ച് കക്കയത്തെത്തിച്ചാണ് കുറ്റ്യാടി പദ്ധതി പ്രവർത്തിക്കുന്നതെന്ന കാര്യം കാവേരി ട്രിബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ട്രിബ്യൂണലിന്റെ വിധിയുടെ വെളിച്ചത്തിൽ ബാണാസുരസാഗർ-കുറ്റ്യാടി പദ്ധതികൾ സംബന്ധിച്ച് എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) ബാണാസുരാസാഗർ ജലസേചന പദ്ധതിക്കായി 1.7 ടി.എം.സി. ജലവും കുറ്റ്യാടി augmentation സ്കീമിലേയ്ക്കായി 5 ടി.എം.സി. ജലവുമുൾപ്പെടെ ആകെ 6.70 ടി.എം.സി. ജലമാണ് വേണ്ടത്

(ബി) ഇതിൽ ബാണാസുരാസാഗർ ജലസേചന പദ്ധതിക്ക് മാത്രമായി 0.84 ടി.എം.സി. ജലമാണ് കാവേരി നദീജലതർക്ക ട്രിബ്യൂണൽ അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്

(ഡി) ട്രിബ്യൂണൽ കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സീനിയർ അഡ്വക്കേറ്റുമാരോട് കൂടിയാലോചിച്ച് ട്രിബ്യൂണലിന്റെ ക്ലാരിഫിക്കേഷൻ വാങ്ങുവാനും സുപ്രീം കോടതിയെ സമീപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

## നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് റദ്ദാക്കിയതിനെ തുടർന്ന് ഉണ്ടായിട്ടുളള പ്രതിസന്ധി

171 ശ്രീ. പി.ടി.എ.റഹീം
,, പി. ജയരാജൻ
,, കെ.വി.അബ്ദുൾ ഖാദർ
,, എം. ഹംസ
,, കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സുപ്രീംകോടതി റദ്ദാക്കിയതിനെ തുടർന്ന് പിന്നോക്ക വിഭാഗങ്ങളുടെ നിയമനം, വിദ്യാഭ്യാസസംവരണം തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടായിട്ടുളള പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(സി) മേൽത്തട്ടിന്റെ വരുമാന പരിധി നിശ്ചയിക്കുന്നതിന് പുതിയ കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പുതിയ മാനദണ്ഡം നിശ്ചയിക്കുന്നതുവരെ ഉദ്യോഗസ്ഥ നിയമന കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) & (സി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. പുതിയ കമ്മീഷനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്)

(ഡി) പുതിയ മാനദണ്ഡം നിശ്ചയിക്കുന്നതുവരെ നിലവിലുള്ള രീതി തുടരുന്നതിന് തടസ്സമില്ല എന്ന് പബ്ലിക് സർവീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

## ക്രീമിലെയർ റദ്ദാക്കിക്കൊണ്ടുള്ള സുപ്രീംകോടതി വിധി

172 ശ്രീ. പി.കെ. അബ്ദുറബ്ബ്
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. കുട്ടി അഹമ്മദ് കുട്ടി
,, വി.കെ. ഇബ്രാഹിം കുഞ്ഞ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ

(എ) ക്രീമിലെയർ റദ്ദാക്കിക്കൊണ്ടുള്ള സുപ്രീംകോടതി ഉത്തരവിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നൂറ് കണക്കിന് പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെട്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാർ 2.5 ലക്ഷം രൂപ ക്രീമിലെയർ പരിധിയായി നിശ്ചയിച്ചിട്ടുള്ളതു പോലെ സംസ്ഥാന സർക്കാരും ക്രീമിലെയർ പരിധി നിശ്ചയിക്കാൻ അടിയന്തിര മായി നടപടി എടുക്കുമോ ;

(സി) സുപ്രീംകോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത സുപ്രീംകോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) വിധിക്കെതിരെ സുപ്രീംകോടതിയിൽ റിവ്യൂപെറ്റിഷൻ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) ഇല്ല

(ബി) & (സി) സുപ്രീം കോടിതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു മൂന്നംഗ കമ്മീഷനെ നിശ്ചയിക്കുകയും റിട്ടേയേർഡ് ജസ്റ്റിസ് ആർ. രാജേന്ദ്ര ബാബുവിനെ കമ്മീഷൻ ചെയർമാനായി നിയമിക്കുകയും ചെയ്തു. മറ്റു രണ്ടംഗങ്ങളെക്കൂടി നിയമിക്കുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.

(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്).

പ്രസ്തുത കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്ന് നൽകുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വിധിയുടെ പകർപ്പ് അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്. (അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്).

(ഇ) വിധി പകർപ്പ് പരിശോധിച്ച് നിയമവകുപ്പുമായും അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ചുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന

173 ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. എസ്. രാജേന്ദ്രൻ
,, എം. കെ. പുരുഷോത്തമൻ
,, സി.കെ. സദാശിവൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) 2005-2006, 2006-07 വർഷങ്ങളിൽ എത്ര വ്യക്തികൾക്കും സ്വയം സഹായ ഗ്രൂപ്പുകൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചു;

(ഡി) 75% കേന്ദ്ര സഹായമുള്ള പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി
### (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)

(എ) സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) ഒരു ഗ്രാമീണ സ്വയം തൊഴിൽ പദ്ധതിയാണ്. പാവപ്പെട്ട ആളുകളെ സ്വയംസഹായ സംഘങ്ങളായി സംഘടിപ്പിക്കുക, അവർക്ക് ആവശ്യമായ പരിശീലനം, വായ്പ, സബ്സിഡി, അടിസ്ഥാന സൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക എന്നിവയെല്ലാം ഈ പദ്ധതി ലക്ഷ്യമിടുന്നു. സബ്സിഡിയും ബാങ്ക് വായ്പയും നൽകി വരുമാനദായകമായ ആസ്തികൾ സൃഷ്ടിച്ച് പദ്ധതി ഗുണഭോക്താക്കളായി തീരുന്ന ഗുണഭോക്താക്കളുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്

(ബി) ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്.

(സി) 2005-06, 2006-07 വർഷങ്ങളിൽ വ്യക്തിഗതമായും സ്വയം സഹായഗ്രൂപ്പ് അടിസ്ഥാനത്തിലും സ്വയംതൊഴിൽ സഹായം ലഭ്യമാക്കുന്നതിന്റെ എണ്ണം ചുവടെ കൊടുത്തിരിക്കുന്നു.

| വർഷം | വ്യക്തികൾ (വ്യക്തിഗതമായി സഹായം ലഭ്യമാക്കിയവർ) | ഗ്രൂപ്പുകൾ (സ്വയം സഹായ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കിയത്) |
|---|---|---|
| 2005-06 | 4692 | 1437 |
| 2006-07 | 3231 | 1027 |

(ഡി) സ്വീകരിച്ചു വരുന്നു.

## ഹെല്‍ത്ത് ഇന്‍ഷൂറന്‍സ് സ്കീം വ്യവസ്ഥകള്‍

T174 ശ്രീ. കെ. സുധാകരന്‍
ശ്രീ. കെ. ശിവദാസന്‍ നായര്‍
,, കെ. ബാബു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനം ഒരു ഹെല്‍ത്ത് ഇന്‍ഷ്വറന്‍സ് സ്കീമിനുള്ള പദ്ധതി കേന്ദ്രാനുമതിക്കു വേണ്ടി സമര്‍പ്പിച്ചിട്ടുണ്ടോ; എങ്കില്‍ അതിന് അനുമതി ലഭിച്ചുകഴിഞ്ഞോ;

(ബി) ബി. പി. എല്‍. വിഭാഗത്തില്‍പ്പെടുന്ന 11 ലക്ഷം കുടുംബങ്ങള്‍ക്കു മാത്രമേ ഈ പദ്ധതി പ്രകാരം സബ്സിഡി നല്‍കുകയുള്ളൂ എന്നറിയിച്ചിട്ടുണ്ടോ;

(സി) ബാക്കിയുള്ള ബി.പി.എല്‍ കുടുംബങ്ങള്‍ക്ക് സംസ്ഥാനം സബ്സിഡി നല്‍കി പദ്ധതി നടപ്പിലാക്കുമോ ?

**ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) മുന്‍ഗവണ്മെന്റ് സംസ്ഥാനത്തെ 25 ലക്ഷം ബി.പി.എല്‍. കുടുംബങ്ങളെ ഉള്‍പ്പെടുത്തി ഒരു ആരോഗ്യ സുരക്ഷാ പദ്ധതിക്ക് രൂപം നല്‍കിയിരുന്നു. എന്നാല്‍ ഈ പദ്ധതിക്ക് കേന്ദ്ര ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവന്‍ കുടുംബങ്ങളെയും ഉള്‍പ്പെടുത്തി ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കാന്‍ അനുമതി നല്‍കണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് അഭ്യര്‍ത്ഥിച്ചിട്ടുണ്ട്.

(ബി) ഉണ്ട്

(സി) ബാധകമല്ല.

## തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കാൻ നടപടി

175 ശ്രീ. സി.എം.ദിനേശ്മണി
" വി.ശിവൻകുട്ടി
" വി.ജെ.തങ്കപ്പൻ
" എ.എം.യൂസഫ്
" ആർ.സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവു നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; നഗരസഭകൾ പിടികൂടുന്ന നായ്ക്കളെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്; ഇത് സംബന്ധിച്ച് നിലവിലുളള കോടതി വിധി എന്താണ് ;

(ബി) തിരുവനന്തപുരം നഗരാതിർത്തിയിൽ തെരുവു നായ്ക്കളെ പിടികൂടുന്നതിനെ ചില വിദേശികൾ തടസ്സപ്പെടുത്തുകയും ജീവനക്കാരെ മർദ്ദിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി
### (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)

(എ) തെരുവുനായ്ക്കളുടെ ശല്യം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം ജന്തുദ്രോഹ നിരോധന നിയമത്തിന്റെ കീഴിൽ 2001-ലെ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്) റൂൾസ് പ്രകാരം തെരുവുനായ്ക്കളെ വന്ധീകരിച്ച് പേവിഷ ബാധയ്ക്കെതിരെ കുത്തിവയ്പ് നൽകി തിരിച്ചറിയൽ അടയാളവും നൽകി പിടിച്ച സ്ഥലത്തുതന്നെ തിരികെ വിടുന്ന അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി. പദ്ധതി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജന്തുക്ഷേമ സംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം (വന്ധ്യംകരണ ശസ്ത്രക്രിയ, പ്രതിരോധ കുത്തിവയ്പ്, ചികിത്സ എന്നിവ) മൃഗസംരക്ഷണ വകുപ്പ് നൽകി വരുന്നു.

ഡബ്ല്യൂ.പി. (സി) നം.30611/2004 (എസ്) തീയതി 3.3.2004 ഡബ്ല്യൂ.പി. (സി) നം.19547/2006 തീയതി 22.8.2006 പ്രകാരം 1960-ലെ ജന്തു ദ്രോഹ നിരോധന നിയമത്തിന്റെ സെക്ഷൻ 9(എഫ്) 11(3) ബി പ്രകാരം അപകടകാരികളായ മൃഗങ്ങളേയും തെരുവ് നായ്ക്കളേയും നശിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുള്ളത് ഉപയോഗിക്കാമെന്നും ചട്ടങ്ങൾ (റൂൾസ്) നിയമത്തിന്റെ മുകളിലല്ലെന്നും ആർട്ടിക്കിൾ 21 പ്രകാരം ജീവിക്കാനുള്ള മൗലിക അവകാശമാണെന്നും തെരുവ് നായ്ക്കളുടെ ജിവനേക്കാൾ മനുഷ്യജീവന് പ്രാധാന്യം നൽകണമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.

ആരോഗ്യമുള്ള തെരുവ് നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും വളർത്താനാവശ്യമുള്ളവർക്ക് അവയെ നൽകുകയും മാരകമായി മുറിവേറ്റതും ചികിത്സിച്ച് ഭേദപ്പെടുത്താൻ സാധിക്കാത്തതും മനുഷ്യജീവന് ഭീഷണിയുമായ തെരുവ് നായ്ക്കളെ ദയാവധത്തിന് വിധേയമാക്കുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹുമാനപ്പെട്ട ഓംബുഡ്സ്മാന്റെ 25.8.2004-ലെ ഒ.പി. 676/2004 നംപർ ഉത്തരവിൽ തെരുവ് നായ്ക്കളെ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റവും കുറച്ച് വേദന ഉളവാക്കുന്ന രീതിയിൽ നശിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 30611/2004 നംപർ കേസിൽ ബഹുമാനപ്പെട്ട ഓംബുഡ്സ്മാന്റെ വിധി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം നഗരസഭയിൽ 19.12.2006, 20.1.2007, 10.2.2007 എന്നീ തീയതികളിൽ തെരുവ് നായ്ക്കളെ പിടിക്കുന്നതിനായി നിയോഗിച്ച മൃഗപരിപാലകരുടെ ഡ്യൂട്ടി തടസ്സപ്പെടുത്തുകും മർദ്ദിക്കുകയും ചെയ്തു. ഇതിനെതിരെ കോവളം പോലീസ് സ്റ്റേഷനിൽ 11.2.2007-ൽ നഗരസഭ പരാതി നൽകിയിട്ടുണ്ട്.

## ഫുഡ് ഫോർ വർക്ക് പദ്ധതി

176 ശ്രീ. ബാബു.എം.പാലിശ്ശേരി
,, സി.കെ.പി പത്മനാഭൻ
,, എ.സി.മൊയ്തീൻ
,, പി.കൃഷ്ണപ്രസാദ്
,, കെ.സി.കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് ഫോർ വർക്ക് പദ്ധതി നടത്തിപ്പ് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിപ്രകാരം ഏതെല്ലാം പണികളാണ് ചെയ്യുന്നത് ;

(സി) ഈ പദ്ധതി അനുസരിച്ച് ലഭിക്കുന്ന ഭക്ഷ്യ സാധനങ്ങളുടെ വിതരണത്തിൽ ക്രമക്കേടുകൾ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഇ) അവ എത്ര മാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) മണ്ണ്, ഈർപ്പം എന്നിവയുടെ സംരക്ഷണ പ്രവർത്തികൾ, നീർത്തട വികസന പ്രവർത്തനം, വനൽക്കരണം, ഗവണ്മെന്റ് ഭൂമിയുടെ സംരക്ഷണ പ്രവർത്തനങ്ങൾ, വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ, വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഡ്രെയിനേജ് പണികൾ, റോഡുകൾ എന്നീ പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്.

(സി) ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ ക്രമക്കേടു നടന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികൾക്ക് ധാന്യം വിതരണം നടത്താതെ പകരമായി പണം നൽകിയിട്ട് ഇടനിലക്കാർക്ക് ധാന്യം വിൽക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ടുള്ള പുതിയ നടപടിക്രമം ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഭക്ഷ്യധാന്യത്തിന്റെ വിതരണം മാവേലി സ്റ്റോറും ശബരി സ്റ്റോറും വഴി നടത്തി വരുന്നു.

(ഇ) പുതിയ നടപടിക്രമത്തിന്റെ പുരോഗതി നിരീക്ഷിച്ചുവരുന്നു. ഇതനുസരിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ കാര്യക്ഷമത പൂർണ്ണമായും വിലയിരുത്തുവാനുള്ള സമയമായിട്ടില്ല.

## നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

177 ശ്രീ. എൻ. രാജൻ
,, എ. കെ. ചന്ദ്രൻ
,, കെ. അജിത്
,, വി. എസ്. സുനിൽകുമാർ
,, പള്ളിപ്രം ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പിന്നോക്ക വിഭാഗങ്ങൾക്ക് നഷ്ടമായ തസ്തികകൾ നികത്തുന്നത് സംബന്ധിച്ച് ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെന്നു വ്യക്തമാക്കുമോ;

(ബി) സുപ്രീം കോടതി വിധി, ഇത്തരം നിയമനങ്ങളെ ബാധിക്കാൻ ഇടയുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതി വിധിയെ തുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റീസ് ശ്രീ.കെ.കെ. നരേന്ദ്രൻ ചെയർമാനായുള്ള മൂന്നംഗ കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്ന് പുറപ്പെടുവിച്ച 2.2.2006-ലെ സ.ഉ.(പി)8/06/പജപവവിവ. പ്രകാരം സംവരണങ്ങൾക്ക് നിയമപരമായ ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ ക്വാട്ട നഷ്ടമാകാതെ ലഭ്യമാകുമെന്ന് സർക്കാർ കരുതുന്നു.

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു മൂന്നംഗ കമ്മീഷനെ നിശ്ചയിക്കുകയും റിട്ട. ജസ്റ്റീസ് ശ്രീ. ആർ. രാജേന്ദ്രബാബുവിനെ കമ്മീഷൻ ചെയർമാനായി നിയമിക്കുകയും ചെയ്തു. മറ്റ് രണ്ടംഗങ്ങളെക്കൂടി നിയമിക്കുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചെർത്തിരിക്കുന്നു.

177/A

# GOVERNMENT OF KERALA

Abstract

SC/ST Development Department- Creamy Layer-Implementation of Judgment of Supreme Court-Appointment of Three men Commission for suggesting criteria for creamy layer among OBCs -Orders issued.

---

SC/ST DEVELOPMENT (F) DEPARTMENT

G.O.(Ms).15/2007/SCSTDD. Dated, Thiruvananthapuram, 01.03.2007

---

Read : Judgment dated 23/2/2007 of the Supreme Court in W.P.(C)598/2000 filed by N.S.S.

## ORDER

The Hon'ble Supreme Court, as per judgment read above has set aside the report of the Narendran Commission with direction to the State to appoint a fresh Commission who should go in to all the aspect of the Creamy layer and submit its report.

In compliance to the direction of the Hon'ble Supreme Court Government have decided to appoint a three men commission with Shri Justice. R.Rajendra Babu (Retd) as Chairman of the Commission.

Accordingly, Shri. Justice R.Rajendra Babu (Retd) is appointed as the Chairman of the Commission. The other two members will be appointed later.

(By Order of the Governor)
ROMANUS HORO
PRINCIPAL SECRETARY.

To

Justice Sri.R. Rajendra Babu (Retd), 'Gouri', House No.34/978(A), Anjumana Road, Edappally, Kochi-682 024.
The Accountant General A & E/Audit, Thiruvananthapuram.
The Secretary, Kerala Public Service Commission Pattom, Thiruvananthapuram.
The Registrar, Kerala State Commission for Backward Classes, Pattom, Thiruvananthapuram.
Genl.Admn.(SC) Department
All Heads of Department.
The Director, SC/ST Development Department.
The Director of Public Relations, Thiruvananthapuram.
The Finance Department.
P.S to Chief Minister.
A.S to Chief Secretary.
P.S to Min.(S&BC&E).
C.A to Addl.Secretary, SC/STDD.
C.A to J.S., SCSTDD.
Stock file/ Office copy.

Forwarded/By Order

Section Officer.

## പറമ്പിക്കുളം-ആളിയാർ നദീജല കരാർ

178 ശ്രീമതി കെ.എസ്.സലീഖ
ശ്രീ. എം.ചന്ദ്രൻ
,, വി.ചെന്താമരാക്ഷൻ
,, എം.ഹംസ
,, ടി.പി.കുഞ്ഞുണ്ണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ വ്യവസ്ഥകൾ തമിഴ്നാട് പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും കരാർ ലംഘനം സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിനുമായി നിലവിലുളള സംവിധാനം എന്താണ് ;

(ബി) തമിഴ്നാട് ഏതെല്ലാം കരാറുകൾ ലംഘിച്ചതായാണ് കണ്ടെത്തിയിട്ടുളളത് ;

(സി) പറമ്പിക്കുളം ആളിയാർ കരാർ സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ടോ ; എങ്കിൽ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ഡി) പറമ്പിക്കുളം - ആളിയാർ കരാർ കാലഹരണപ്പെട്ടതിനാൽ റദ്ദുചെയ്യണമെന്നാവശ്യപ്പെട്ട് സുപ്രീംകോടതിയിൽ സ്വകാര്യ അന്യായം നിലവിലുണ്ടോ ;

(ഇ) ഇതിനോട് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ

### ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി നദീജല കരാർവ്യവസ്ഥകൾ തമിഴ്നാട് പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് പാലക്കാടുള്ള ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ഡിവിഷനിലെ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടവും പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ കീഴിലുള്ള ജലസംഭരണികളിലെ ജല നിലവാരവും തമിഴ്നാട് ഉപയോഗിക്കുന്ന ജലത്തിന്റെ അളവും കേരളത്തിന് കരാർ പ്രകാരം ലഭിക്കുന്ന ജലവും അളന്നു തിട്ടപ്പെടുത്തി ഓരോ വർഷത്തേയും കണക്കുകൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിലെ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കുന്നു. ഈ കണക്കുകൾ വിശകലനം ചെയ്ത്, ജലം ലഭ്യമാക്കുന്നത് സംബന്ധിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ തമിഴ്നാട് ലംഘിച്ചിട്ടുണ്ടോ എന്ന് നിരീക്ഷിക്കാവുന്നതാണ്.

തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങളെക്കുറിച്ച് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് യോഗത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിലും കേരളം ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ മന്ത്രി തല മുഖ്യമന്ത്രിതല ചർച്ചകളിലും കരാർ ലംഘനങ്ങളെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്.

(ബി) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) പറമ്പിക്കുളം ആളിയാർ കരാർ സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലിലില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല്.

## പി.എസ്.സി. ചോദ്യക്കടലാസുകൾ

179 ശ്രീ. മോൻസ് ജോസഫ്
'' വി. സുരേന്ദ്രൻ പിള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി പരീക്ഷകളുടെ ചോദ്യക്കടലാസുകൾ തയ്യാറാക്കുന്നതിന് നിലവിലുള്ള രീതി വിശദീകരിക്കാമോ;

(ബി) ചോദ്യപേപ്പറുകളിൽ ഗുരുതരമായ തെറ്റുകൾ വരുത്തിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം സംഭവങ്ങളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പി. എസ്. സി. ചോദ്യക്കടലാസുകൾ തയ്യാറാക്കുന്ന രീതി പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) അതീവ രഹസ്യമായി ചെയ്യേണ്ട ചോദ്യ പേപ്പർ തയ്യാറാക്കൽ പ്രക്രിയ്ക്കായി ബന്ധപ്പെട്ട മേഖലകളിൽ സുദീർഘമായ അധ്യാപന പരിചയവും ഉന്നത ബിരുദങ്ങളുമുള്ള അക്കാദമിക്ക് രംഗത്ത് പ്രവർത്തിക്കുന്നവരോ, മറ്റ് വിദഗ്ധരോ ആയ നാലോ അഞ്ചോ പേരിൽ നിന്നും പരീക്ഷക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കി പ്രത്യേക കവറുകളിൽ സീൽ ചെയ്ത് വാങ്ങുന്നു. ഇതിൽ നിന്നും നറുക്കെടുപ്പിലൂടെ ഒരെണ്ണം തെരെഞ്ഞെടുത്ത് നേരിട്ട് പ്രസ്സിൽ അയച്ച് അച്ചടിപ്പിച്ച് അവിടെവച്ച് തന്നെ സീൽ ചെയ്ത കവറുകളിൽ വാങ്ങുന്നു. പ്രസ്സിൽ നിന്നും ലഭിക്കുന്ന 20 ചോദ്യ പേപ്പറുകൾ വീതമടങ്ങിയ സീൽ ചെയ്ത പാക്കറ്റുകൾ പരീക്ഷാ തീയതി വരെ പരീക്ഷ കൺട്രോളറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സൂക്ഷിക്കുന്നു. പരീക്ഷ ദിവസം ഡ്യൂട്ടിയിൽ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർ നേരിട്ട് പരീക്ഷ കേന്ദ്രത്തിലെത്തിക്കുന്നു.

(ബി) ഏതാനും ചോദ്യപേപ്പറുകളിൽ ചില ചോദ്യങ്ങൾ തെറ്റായി ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചോദ്യപേപ്പറിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ടതിനാൽ ഇത്തരം തെറ്റുകൾ പരീക്ഷക്ക് മുമ്പ് കണ്ടെത്താൻ നിർവ്വാഹമില്ല.

(സി) ചോദ്യങ്ങൾ കൃത്യതയോടെ തയ്യാറാക്കുന്നതിനായി ചോദ്യ കർത്താക്കൾക്ക് വിശദമായ നിർദ്ദേശങ്ങൾ നൽകുന്നു. ചോദ്യങ്ങളോടൊപ്പം ഇത് സംബന്ധിച്ച ഒരു സത്യപ്രസ്താവനയും ചോദ്യകർത്താക്കൾ നൽകേണ്ടതാണ്. ഇതിനെല്ലാം പുറമേ മൂല്യ നിർണ്ണയത്തിന് മുമ്പ് ഉത്തര സൂചിക പ്രസിദ്ധീകരിച്ച് അവ സംബന്ധമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ 15 ദിവസം അനുവദിക്കുകയും, ഇങ്ങനെ ചൂണ്ടികാണിക്കപ്പെടുന്നതും ശ്രദ്ധയിൽപെടുന്നതുമായ എല്ലാ തെറ്റുകളും പരിപൂർണ്ണമായി ഒഴിവാക്കി ഉദ്യോഗാർത്ഥികൾക്ക് യാതൊരു നീതി നിഷേധവും ഉണ്ടാകാത്ത രീതിയിൽ മൂല്യ നിർണ്ണയം നടത്തുകയും ചെയ്യുന്നു.

(ഡി) പി. എസ്. സി. ചോദ്യക്കടലാസുകളിൽ കടന്നുകൂടുന്ന തെറ്റുകൾ ഒഴിവാക്കുന്നതിനായി ശരിയായ ചോദ്യങ്ങൾ ഉൾപ്പടുത്തി വിപുലമായ ഒരു ക്വസ്റ്റ്യൻ ബാങ്ക് സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

## പെട്രോളിലും ഡീസലിലും മായം ചേർക്കൽ

180 ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി
,, പി. കെ. അബ്ദുറബ്ബ്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ പെട്രോളിലും ഡീസലിലും മായം ചേർത്ത് വിൽപന നടത്തുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കണ്ടുപിടിക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര തവണ പമ്പുകളിൽ പരിശോധന നടത്തിയിട്ടുണ്ട്;

(സി) ഇതിൽ എത്ര കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്; കണ്ടുപിടിക്കപ്പെട്ട കേസ്സുകളിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ഇത്തരം പരിശോധനകൾ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; പരിശോധനകളിൽ നിന്ന് സർക്കാർ ഉടമസ്ഥതയി ലുളള പമ്പുകളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ.സി.ദിവാകരൻ**
**(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥർ പെട്രോൾ പമ്പുകളിൽ 537 പരിശോധനകളും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ 994 പരിശോധനകളും ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററുടെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ലാബോറട്ടറികൾ 443 പരിശോധനകളും നടത്തുകയുണ്ടായി.

(സി) 16 ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. രണ്ട് പെട്രോൾ പമ്പുകൾ റദ്ദാക്കിയിട്ടുണ്ട്. ആറ് ഡീലർമാരിൽ നിന്ന് പിഴ ഈടാക്കി. മറ്റു ഡീലർമാരോട് വിശദീകരണം തേടി.

(ഡി) സിവിൽ സപ്ളൈസ്, ആരോഗ്യം, ലീഗൽ മെട്രോളജി, പോലീസ്, മോട്ടോർ വെഹിക്കിൾ, സെയിൽസ് ടാക്സ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ഓയിൽ കമ്പനി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല പരിശോധന സ്ക്വാഡ് രൂപീകരിച്ച് പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. താലൂക്ക് തലത്തിൽ റെയ്ഡുകൾ ശക്തമാക്കുന്നതിനും ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും ഉദ്ദേശിക്കുന്നു. പരിശോധനയിൽ നിന്നും സർക്കാർ ഉടമസ്ഥയിലുള്ള പമ്പുകളെ ഒഴിവാക്കിയിട്ടില്ല.